# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

ഗവേഷണ ബിരുദം - യു.ജി.സി. ചട്ടം 2009 പ്രകാരം നൽകുന്ന സാക്ഷ്യപത്രം ഒപ്പ് വയ്ക്കൽ-റഗുലേഷനിൽ മാറ്റം വരുത്തുന്നത് - അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ X സെക്ഷൻ**

**നം. 8751/2018/എX/1/അക്കാദമിക്** **പ്രിയദർശിനി ഹിൽസ്, തീയതി, 14.12.2018**

പരാമർശം : (1) മഹാത്മാഗാന്ധി സർവ്വകലാശാല പിഎച്ച്.ഡി. റഗുലേഷൻ 2010/2012, വകുപ്പ് 40(iii) [സ.ഉ.നം.1353/AX/3/2016/Academic,തീയതി 26/02/2016]

(2) 30.06.2018-ാം തീയതി ശ്രീ. വിമൽ ജി. സമർപ്പിച്ച അപേക്ഷ.

(3) 29.09.2018 ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം. നമ്പർ. 216/Ac.18/185267 (08.11.2018 ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (18.09) ഇനം നമ്പർ 01/18.09/182236 ആയി സമർപ്പിച്ചത്)

## <u>ഉത്തരവ്</u>

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും പിഎച്ച്.ഡി. ഡിഗ്രി അവാർഡ് ചെയ്തവർക്ക് പരാമർശം (1) പ്രകാരം നൽകി വരുന്ന "Award of Ph.D. Degree in accordance with the provisions of UGC (Minimum Standards and Procedure for award of M.Phil./Ph.D. Degree) Regulations 2009" എന്ന് സൂചിപ്പിക്കുന്ന പ്രൊവിഷണൽ സാക്ഷ്യപത്രം, ഒപ്പ് വയ്ക്കുന്നതിന് പരീക്ഷാകൺട്രോളറെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

20.02.2017-ാം തീയതിയിൽ ഫിസിക്സ് വിഷയത്തിൽ ഗവേഷണബിരുദം നേടിയ ശ്രീ. വിമൽ ജി, പ്രസ്തുത സാക്ഷ്യപത്രം വൈസ് ചാൻസലർ/പ്രോവൈസ് ചാൻസലർ/ഡീൻ (അക്കാദമിക് അഫയേഴ്സ്)/ഡീൻ (യൂണിവേഴ്സിറ്റി ഇൻസ്ട്രക്ഷൻസ്) എന്നിവരിൽ ആരെങ്കിലും ഒപ്പിട്ടു നൽകണം എന്ന യുജിസി യുടെ നിർദേശം (കത്ത് നം. F.FIP XII Plan/KLMG031) അനുസരിച്ച് ലഭ്യമാക്കണമെന്ന് പരാമർശം (2) പ്രകാരം അപേക്ഷിച്ചിരുന്നു.

പരാമർശം (2) പരിഗണിച്ച്, അക്കാദമിക് കൗൺസിൽ, പിഎച്ച്.ഡി. റഗുലേഷൻ 2010/2012 വകുപ്പ് 40(iii) ഭേദഗതി വരുത്തുന്നതിനും, ഗവേഷണബിരുദം യു.ജി.സി. ചട്ടം 2009 പ്രകാരം നൽകുന്നതാണെന്ന സാക്ഷ്യപത്രം വൈസ് ചാൻസലർ ഒപ്പിട്ട് നൽകുന്നതിനും, പ്രസ്തുത സർട്ടിഫിക്കറ്റ് തയ്യാറാക്കുവാൻ പരീക്ഷാ വിഭാഗത്തെ ചുമതലപ്പെടുത്തുന്നതിനും പരാമർശം (3) പ്രകാരം തീരുമാനിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
ബൈജു. എൻ.
അസിസ്റ്റന്റ് രജിസ്ട്രാർ IV (അക്കാദമിക്)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ് :

1. വി.സി.യുടെ പി. എസ്./ പി.വി.സി.യുടെ പി. എസ്.
2. രജിസ്ട്രാറുടെ പി. എ. /പരീക്ഷാകൺട്രോളറുടെ പി. എ.
3. ഡയറക്ടർ ഓഫ് റിസർച്ച്
4. Ac C /Ac A II/Ac AVI/Ac AXI/EB X/EB XIV സെക്ഷനുകൾ
5. എല്ലാ ഗവേഷണകേന്ദ്രമേധാവികൾക്കും
6. കണ്ടന്റ് മാനേജ്മെന്റ് സെൽ (വെബ് സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന് വേണ്ടി)
7. റെക്കോർഡ്സ് സെക്ഷൻ
8. സ്റ്റോക്ക് ഫയൽ
9. ഫയൽ നം. ഇ.ബി.10(2)/പ.വ/107/18

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ